ഉത്തരം

(എ ആന്റ് ബി) ഇല്ല. സർവ്വീസ് കണക്ഷനുള്ള അപേക്ഷാ ഫാറങ്ങൾ ഇരുപത്തിയഞ്ചുരൂപ നിരക്കിൽ ആവശ്യക്കാർക്ക് ബോർഡിന്റെ സെക്ഷൻ ഓഫിസുകളിൽ നിന്നും ലഭ്യമാണ്. കൂടാതെ അപേക്ഷാഫാറം ബോർഡിന്റെ വെബ്സൈറ്റിലും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തുന്നവർ അപേക്ഷാഫാറം ഓഫീസിൽ സമർപ്പിക്കുമ്പോൾ അതിന്റെ വിലയായ 25 രൂപ കൂടി നൽകേണ്ടതാണ്.

തിരൂർ മണ്ഡലത്തിലെ ലക്ഷംവീട് കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകാൻ നടപടി

189 [2682] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തലക്കാട് പഞ്ചായത്തിലുള്ള 3-ാം വാർഡിലെ വടക്കേ അങ്ങാടി, 12-ാം വാർഡിലെ ഇടശ്ശേരി, 13-ാം വാർഡിലെ പടിഞ്ഞാറെ ലക്ഷംവീട് കോളനികളിൽ വൈദ്യുതി കണക്ഷനുവേണ്ടി പഞ്ചായത്ത് പണമടയ്ക്കുകയും, മറ്റെല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കുകയും ചെയ്തിട്ടും വൈദ്യുതി കണക്ഷൻ നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കോളനികളിൽ വൈദ്യുതി കണക്ഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) വൈദ്യുതി കണക്ഷൻ എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത കണക്ഷൻ നൽകാൻ കഴിയാത്തത് കോൺക്രീറ്റ് പോസ്റ്റുകളുടെ ദൗർലഭ്യം മൂലമായിരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഒരു മാസത്തിനകം നൽകാൻ കഴിയും.

ചവറ മണ്ഡലത്തിൽ വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കാൻ നടപടി

190 [2683] ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജക മണ്ഡലത്തിൽ വൈദ്യുതി ഇല്ലാത്ത വീടുകളിൽ വൈദ്യുതി എത്തിക്കാൻ മണ്ഡലത്തിലെ വ്യവസായ സംരംഭമായ കെ.എം.എം.എൽ.-ന്റെ സഹായത്തോടെ നടപടികൾ പൂർത്തിയായതും എന്നാൽ കെ.എസ്.ഇ.ബി.യുടെ ഉദാസീനതമൂലം ഇതിൽ കാലതാമസം വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly